ശ്രീ. ബി. മാധവൻ നായർ: സർ, എം. എൽ. എ. മാർക്ക് പ്രയോറിറ്റി അനുവദിക്കുന്ന കാറുകളും ടൂറിസ്റ്റ് ടാക്സിയായി ഉപയോഗിക്കുന്നതിനു പെർമിറ്റു കൊടുക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ എല്ലാം അനുവദിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കൊടുത്തിട്ടുള്ളതായി കാണുന്നില്ല. ടാക്സിയായി ഉപയോഗിക്കുന്നുണ്ടോ എന്നു ചോദിച്ചിരുന്നു. അതിന്റെ വിവരമാണു നൽകിയത്.

മെഡിക്കൽ കോളേജിലെ ക്രമക്കേടുകൾ

* 110 [394] ശ്രീ. എ. എസ്. എൽ. നരസിംഹൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, പി. കെ. കുഞ്ഞച്ചൻ:
,, എസ്. ഭാസ്കരൻ:
,, ടി. പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന അഡ്മിഷനുകളിൽ വമ്പിച്ച ക്രമക്കേടുകളും ഇതിനെതിരായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1969 നവംബർ ഒന്നിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിൽ ആർക്കെങ്കിലും അഡ്മിഷൻ കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർക്ക്;

(ഡി) ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ആരോഗ്യവും ഗതാഗതവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നടക്കുന്ന അഡ്മിഷനിൽ ക്രമക്കേടുകൾ ഉള്ളതായി പരാതി കിട്ടിയിട്ടില്ല; ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജിലെ അഡ്മിഷനെ സംബന്ധിച്ച് ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്. 1969 ഡിസംബറിലാണ് ലിസ്റ്റു പുറപ്പെടുവിച്ചത്.

(സി) 79 പേർക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ട്.

(ഡി) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്*

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മെഡിക്കൽ കോളേജിൽ ആപ്ലിക്കേഷൻ കൺഷണിക്കുന്നതും സെലക്ടു ചെയ്യുന്നതും സംബന്ധിച്ച അടിസ്ഥാനപരമായ തത്വങ്ങൾ എന്താണെന്നും മാർക്കു കുറഞ്ഞവർക്ക് എങ്ങനെയാണ് അഡ്മിഷൻ കിട്ടുന്നത് എന്നും വ്യക്തമാക്കാൻ തയ്യാറാകുമോ? എല്ലാം അവസാനമാണോ തീരുമാനിക്കുന്നത്?

ശ്രീ. കെ. എം. ജോർജ്: മെഡിക്കൽ കോളേജിലെ അഡ്മിഷൻ വ്യവസ്ഥകൾ ഇന്നു വളരെ പ്രസിദ്ധങ്ങളാണ്. ആപ്ലിക്കേഷൻ കിട്ടിക്കഴിഞ്ഞശേഷം സെലക്ഷൻ കമ്മിറ്റികൂടി തീരുമാനിക്കും.

*Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഈ കോളേജിൽ ഈ പ്രാവശ്യം 1969-ൽ അഡ്മിറ്റു ചെയ്തവരുടെ കൂട്ടത്തിൽ കാളിഫൈഡല്ലാത്ത ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: എന്റെ അറിവിൽ ആരെയും എടുത്തിട്ടില്ല. എന്നാൽ രണ്ടുപേരുടെ പക്കൽനിന്ന്, മാർക്കു കുറവുള്ള കുട്ടികളെ എടുത്തിരിക്കുകയാണെന്ന് സെലക്ഷൻ കമ്മിറ്റിക്കു പരാതി കിട്ടിയിട്ടുണ്ട്. രണ്ടു പരാതികളും ഞാൻ പരിശോധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ എൻക്വയറിക്കയച്ചു.

ശ്രീമതി കെ. ആർ. ഗൗരി: വിജിലൻസ് കമ്മീഷനെക്കൊണ്ടു അന്വേഷണം നടത്തുന്നുവെന്നു പറഞ്ഞു. ഇന്നതുപോലെ കാളിഫിക്കേഷനെന്നും, ഇന്ന അടിസ്ഥാനത്തിലാണ് അഡ്മിഷൻ കൊടുക്കുന്നതെന്നും സെലക്ഷൻ നടക്കുന്നതിനുമുമ്പു സെലക്ഷൻ കമ്മിറ്റി ഓർഡർ ഇഷ്യൂ ചെയ്തതിനു ശേഷം അതനുസരിച്ച് മാർക്കില്ലാത്ത ആളുകളെ എടുത്തിട്ടുണ്ടെങ്കിൽ പിരിച്ചുവിടുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധാരണയോടുകൂടിയാണ് ഇങ്ങനെ ചോദിക്കുന്നതെന്നു തോന്നുന്നു. ഒരു ക്ലെറിക്കൽ മിസ്റ്റേക്ക് എന്ന തരത്തിൽ മാർക്കിൽ ഒരു പിശക് വന്നിരിക്കാം. മാർക്ക് 229 എന്നുള്ളത് 292 എന്നു തോന്നി പറ്റിച്ച് അഡ്മിഷൻ കൊടുത്തിരിക്കുമെന്നാണ് തോന്നുന്നത്. കോളേജ് അധികാരികളും പറഞ്ഞിരിക്കുന്നത് ഇക്കാര്യത്തിൽ യാതൊരു പിശകും ഇല്ലെന്നാണ്. അതുകൊണ്ടാണ് വിജിലൻസ് കമ്മീഷന്റെ അന്വേഷണത്തിനു വിട്ടിട്ടുള്ളത്. വിജിലൻസ് കമ്മീഷന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ അതിനാവശ്യമായ നടപടികളെടുക്കാം.

ശ്രീമതി കെ. ആർ. ഗൗരി: 229 എന്നുള്ളത് 292 ആയിട്ടു പറ്റിച്ച് അഡ്മിഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ അത് വിജിലൻസ് കമ്മീഷന്റെ എൻക്വയറിക്ക് വിടാതെ യൂണിവേഴ്സിറ്റിയിൽനിന്നും മാർക്കുലിസ്റ്റു വരുത്തി ഒത്തുനോക്കിയാൽ ഇത് തെറ്റാണെന്നു ബോദ്ധ്യമാകുകയാണെങ്കിൽ അങ്ങിനെയുള്ള ആളുകളെ പിരിച്ചുവിടുന്നതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: അതാണു സർ ഞാൻ പറഞ്ഞത് യൂണിവേഴ്സിറ്റി അംഗീകരിച്ച സെലക്ഷനിൽ പിശകില്ലെന്നാണ് അധികൃതർ പറയുന്നത്. അതുകൊണ്ടാണ് സമഗ്രമായി പരിശോധിക്കുന്നതിനും തെറ്റുകൾ ഉണ്ടെങ്കിൽ കണ്ടുപിടിച്ച് തിരുത്തുന്നതിനുംവേണ്ടി വിജിലൻസ് കമ്മീഷനെക്കൊണ്ട് അന്വേഷണം നടത്തുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: യൂണിവേഴ്സിറ്റിയിൽനിന്നും മാർക്കുലിസ്റ്റു വരുത്തി, അതും ഇതുംകൂടി ഒത്തുനോക്കുമോ? തിരുവനന്തപുരത്തുനിന്നും പ്രത്യേകം നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ കൊടുത്തതെന്നു പറയുന്നത് ശരിയാണോ?

ശ്രീ. കെ. എം. ജോർജ്: അങ്ങിനെയൊരു നിർദ്ദേശം കൊടുത്തിട്ടുള്ളതായി എനിക്കറിവില്ല. അങ്ങിനെ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടെങ്കിൽ അത് കടലാസിൽ കാണുമല്ലോ? എന്തെങ്കിലും പിശകുണ്ടെങ്കിൽ കണ്ടുപിടിച്ച് അർഹതയുള്ളവർക്ക് കൊടുക്കുകയും അർഹതയില്ലാത്തവർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് വിജിലൻസ് കമ്മീഷന്റെ എൻക്വയറിക്ക് വിട്ടുകൊടുത്തിട്ടുള്ളത്. രണ്ടു പരാതികളും വന്നതും ഇതിനെക്കുറിച്ചുവന്ന പത്രറിപ്പോർട്ടിന്റെ കട്ടിംഗ്കൂടി അന്വേഷണത്തിനു വിട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: വിജിലൻസ് കമ്മീഷന്റെ റിപ്പോർട്ട് ഈ കോളേജ് ഇയർ കഴിയുന്നതിനു മുമ്പുതന്നെ കിട്ടുമോ?

ശ്രീ. കെ. എം. ജോർജ്: ഈ കോളേജ് ഇയർ കഴിയുന്നതിനുമുമ്പല്ല, ഒന്നോ രണ്ടോ ആഴ്ചകൊണ്ടുതന്നെ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ആലപ്പുഴ മെഡിക്കൽ കോളേജിലെ സെലക്ഷൻ കമ്മിറ്റി എന്നാണ് കാൺസറിറ്റി ചെയ്തത്? അത് റീകാൺസറിറ്റി ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: റീകാൺസറിറ്റി ചെയ്തിട്ടില്ല. ആദ്യമേ തന്നെ എടുത്തിട്ടുള്ള ഒരു കമ്മിറ്റിയാണ് അത്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതിന്റെ അന്വേഷണത്തിനുവേണ്ടി വിജിലൻസ് കമ്മീഷനെ അയച്ചത് എന്നാണ്? അതിന്റെ റിപ്പോർട്ട് എന്നത്തേക്കു നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. എം. ജോർജ്: 8-12-1969-ലാണ് വിജിലൻസ് കമ്മീഷനെ അയച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. കൃഷ്ണൻ: അതിന്റെ റിപ്പോർട്ട് എന്നു നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്?

ശ്രീ. കെ. എം. ജോർജ്: 'മോസ്റ്റ് എമർജന്റ്' എന്നു പറഞ്ഞാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അഡ്മിഷൻ കൊടുക്കുന്ന വ്യവസ്ഥയിൽ കുറച്ചു മാർക്കുള്ള കുട്ടികൾക്ക് അഡ്മിഷൻ കൊടുത്തതു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടാണ് എന്ന് അറിയുന്നത് ശരിയാണോ?

ശ്രീ. കെ. എം. ജോർജ്: ഇതിനുത്തരം ഞാൻ പറഞ്ഞാൽ അണ്പാർലമെന്ററിയാകുമോയെന്നുള്ള ഭയംകൊണ്ട് ഒന്നും പറയുന്നില്ല. ഞാൻ പറഞ്ഞിട്ടാണ് അഡ്മിഷൻ കൊടുത്തുവെന്ന് പറയുന്നതിൽ യാതൊരടിസ്ഥാനവുമില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ അവിടെ അഡ്മിഷൻ കൊടുക്കുന്നതിനെപ്പറ്റി യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. പിന്നെ ഊഹിച്ച് ഇങ്ങനെയെല്ലാം പറയുന്നതുകൊണ്ടു ഒരു വിശേഷവുമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: മാർക്കിലുള്ള പിശകുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെങ്കിലും യൂണിവേഴ്സിറ്റിയിൽനിന്നും മാർക്കുലിസ്റ്റു വരുത്തി അന്വേഷിക്കുകയാണെങ്കിൽ ഇതിൽ ഏതാനും മണിക്കൂറുകൊണ്ട് തീരുമാനം എടുക്കാൻ കഴിയുമായിരുന്നല്ലോ. അങ്ങനെ ചെയ്യാതെ ആഴ്ചകളോളം താമസിപ്പിക്കുന്നതിന്റെ കാരണം എന്താണ്?

ശ്രീ. കെ. എം. ജോർജ്: ഇതിൽ ദിവസത്തിന്റെ പ്രശ്നമില്ല. ഇതിനെപ്പറ്റി സെലക്ഷൻ കമ്മിറ്റിയോടു ചോദിച്ചപ്പോൾ യാതൊരു പിശകുമില്ലെന്നു പറയുന്നു. ഡബിൾ പ്രമോഷൻ എന്ന നിലയിൽ എന്തെങ്കിലും ഉണ്ടോയെന്നു നോക്കുന്നതിനുവേണ്ടിയാണ് വിജിലൻസ് കമ്മിഷന്റെ അന്വേഷണത്തിനു വിട്ടിട്ടുള്ളത്. രണ്ടു പരാതികളും പത്രക്കുറിപ്പു വന്നതിന്റെ കട്ടിംഗും കൂടിയാണ് അന്വേഷണത്തിനുവേണ്ടി അയച്ചിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: ഇത്തരത്തിലുള്ള പരാതികൾ നിലവിലുള്ളതുകൊണ്ട് ആലപ്പുഴ മെഡിക്കൽ കോളേജിലെ സെലക്ഷൻ കമ്മിറ്റി പിരിച്ചുവിട്ടിട്ട് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഇതു ഒരു എക്സ് ഒഫിഷ്യോ കമ്മിറ്റിയല്ല. ഹെൽത്ത് സെക്രട്ടറി, കോളേജ് പ്രിൻസിപ്പൽ, തിരുവനന്തപുരം കോളേജിലെ പ്രിൻസിപ്പൽ തുടങ്ങിയവരാണ് അതിലെ അംഗങ്ങൾ. അനൗദ്യോഗിക അംഗങ്ങളൊന്നുംതന്നെ ആ കമ്മിറ്റിയിലില്ല. അതിനകത്തുള്ളവരെ പിരിച്ചു വിട്ടിട്ട് ഭേദമാക്കുന്ന വിധത്തിൽ ചെയ്യേണ്ട യാതൊന്നുമില്ല.

ശ്രീ. ടി. എ. മജീദ്: മറ്റു കോളേജുകളിൽ അഡ്മിഷൻ നടത്തുന്നതു പോലെ ആലപ്പുഴ മെഡിക്കൽ കോളേജിലും കൃത്യമായി നടത്തുന്നതിന് എന്താണു തടസ്സമായിട്ടുള്ളത്?

ശ്രീ. കെ. എം. ജോർജ്: അതിനു തടസ്സമായി ഒന്നുമില്ല. ആ കോളേജിന്റെ ചരിത്രപരമായ കാരണങ്ങളാൽ വന്നിട്ടുള്ളതാണ് ഇതൊക്കെ. ഈ കോളേജ് സ്വകാര്യ ഏജൻസി നടത്തിക്കൊണ്ടിരുന്നതാണ്. ആ കോളേജ് തുടങ്ങുന്നതിനുവേണ്ടി അവർ പലരിൽനിന്നും പണം വാങ്ങിയിട്ടുണ്ട്. അങ്ങിനെയുള്ളവർക്ക് മോറൽ ആൻറ് ഓറലായിട്ടു അഡ്മിഷൻ കൊടുക്കേണ്ടതുണ്ട്. മുൻ ആരോഗ്യമന്ത്രിതന്നെ ഇക്കാര്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ചെയ്യാൻ പാടില്ലാത്ത ഏർപ്പാടുകളാണ് ആ കോളേജിൽ അന്നുമുതൽ ഇന്നുവരെ ചെയ്തിട്ടുള്ളതെന്നാണ് എനിക്കു പറയുവാനുള്ളത്. അല്ലാതെ അതിനകത്തു വേറൊരു തടസ്സവുമില്ല. മുമ്പുള്ള പരിഗണനയിലുള്ള ചില സംശയങ്ങൾ വച്ചുകൊണ്ടാണ് ഈ ചോദ്യങ്ങൾ ചോദിക്കുന്നത്.

ശ്രീ. ടി. എ. മജീദ്: മോറൽ ആൻറ് ഓറൽ എഗ്രിമെൻറുകാരുടെ കാര്യം എവിടംവരെയായിയെന്നും എത്രപേർക്ക് ഇനി കൊടുക്കണമെന്നും പറയാമോ?

ശ്രീ. കെ. എം. ജോർജ്: ഇനി എട്ടോ പത്തോ പേർക്കു മാത്രമേ കൊടുക്കേണ്ടതുള്ളു.

ഡോ. ജോർജ് തോമസ്: മാർക്കിന്റെ കാര്യത്തിൽ ക്ളറിക്കൽ മിസ്റ്റേക്കു വന്നതായി പറയുന്നു. അങ്ങനെ ക്ളറിക്കൽ മിസ്റ്റേക്കു വന്നത് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നാണോ? അതോ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ഭാഗത്തുനിന്നാണോ?

ശ്രീ. കെ. എം. ജോർജ്: ക്ളറിക്കൽ മിസ്റ്റേക്കു വന്നു എന്നു പറഞ്ഞില്ല. തെറ്റായ രീതിയിൽ അഡ്മിഷൻ കൊടുത്തുവെന്ന് ആരോപണം വന്നു. അതു ശരിയാണോ എന്നു ചോദിച്ചപ്പോൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും, കോളേജിന്റെ ഭാഗത്തുനിന്നും വന്നിട്ടില്ലെന്നു പറഞ്ഞു. പിന്നെ റാ. ഡി. എം. മെഡിക്കൽ കോളേജിന്റെ പൂർവ്വചരിത്രമനുസരിച്ച് ഇതിനെപ്പറ്റി അന്വേഷിക്കുന്നതിന് വിജിലൻസ് കമ്മീഷനു അധ്യയ്ക്കുകയാണുണ്ടായത്.

ശ്രീമതി കെ. ആർ. ഗൗരി: തെറ്റായ അഡ്മിഷൻ കൊടുത്തതിനെപ്പറ്റി രണ്ടു കേസ്സുകളുണ്ടെന്നു പറഞ്ഞു. രണ്ടു കേസ്സുകളിലും ക്ളറിക്കൽ മിസ്റ്റേക്കനുസരിച്ചാണോ അഡ്മിഷൻ കൊടുത്തിട്ടുള്ളത്? മോറൽ ആൻറ് ഓറൽ ലിസ്റ്റിൽ അല്ലാത്തതും, ഇത്ര മാർക്ക് ഉണ്ടായിരിക്കണമെന്നു പറഞ്ഞിട്ട് അത്രയും മാർക്കില്ലാത്തതുമായ രണ്ടുപേർക്കു അഡ്മിഷൻ കൊടുത്തു. ആ രണ്ടുപേരുടേയും മാർക്കു ലിസ്റ്റിൽ പിശകു വന്നതുകൊണ്ടാണോ അഡ്മിഷൻ കൊടുത്തത്?

ശ്രീ. കെ. എം. ജോർജ്: അങ്ങിനെ രണ്ടുപേർക്ക് അഡ്മിഷൻ കൊടുത്തിട്ടില്ലെന്നാണ് സെലക്ഷൻ കമ്മിറ്റി പറയുന്നത്. പിന്നെ രണ്ടു വ്യക്തികളിൽനിന്ന് ആരോപണം വരികയും അതിനെപ്പറ്റി ഒരു പത്രക്കുറിപ്പ് ഉണ്ടാകുകയും ചെയ്തപ്പോഴാ സെലക്ഷൻ കമ്മിറ്റിയോടും കോളേജ് പ്രിൻസിപ്പലി

LIBRARY ARCHIVES Kerala Legislative Assembly

നോടും യൂണിവേഴ്സിറ്റിയോടും ചോദിച്ചപ്പോൾ അങ്ങിനെ യാതൊരു തെറ്റും ഉണ്ടായിട്ടില്ലെന്നു് അറിയിക്കുകയുണ്ടായി. എന്നിരുന്നാലും എന്തെങ്കിലും സംശയം അവശേഷിക്കാതിരിക്കട്ടെ എന്നു് വിചാരിച്ചാണു് വിജിലൻസ് കമ്മിഷന്റെ അന്വേഷണത്തിനു വിട്ടിട്ടുള്ളതു്. അല്ലാതെ മാർക്കു വ്യത്യാസപ്പെടുത്തി ചേർത്തുവെന്നു് ഞാൻ പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി: സ്റ്റുഡന്റ്സിന്റെ മാർക്കുലിസ്റ്റു യൂണിവേഴ്സിറ്റിയിൽ കാണും. യൂണിവേഴ്സിറ്റിയിൽനിന്നും ആ മാർക്കു വരുത്തി പരിശോധിക്കുന്നതിനു് തടസ്സമാകുമോ?

ശ്രീ. കെ. എം. ജോർജ്: യൂണിവേഴ്സിറ്റി വൈസ്ചാൻസ്ലർ ഉൾപ്പെടുന്ന ഒരു സമിതി പരിശോധിച്ചാണു് തങ്ങൾക്കു് സംശയത്തിനു് യാതൊരു വകയുമില്ലെന്നു് പ്രസ്താവിച്ചിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: മോറൽ ആൻഡ് ഓറൽ വ്യവസ്ഥയനുസരിച്ചു് കുട്ടികൾക്കു് ഗ്രേഡ്പിഷൻ കൊടുക്കുന്നുവെന്നു പറഞ്ഞു. അങ്ങിനെയുള്ള ലിസ്റ്റു കംപ്ലീറ്റായിട്ടു് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: അക്കാര്യത്തിൽ യാതൊരു അഴിമതിയും വരുത്തിയിട്ടില്ല. ആ കോളേജ് ഈ ഗവൺമെന്റ് ഏറ്റെടുക്കാൻ തീരുമാനിച്ച അവസരത്തിൽ അന്നത്തെ സെക്രട്ടറിയായിരുന്ന പത്മകുമാറിനെ അവിടെ അയച്ചു് അന്വേഷിക്കുകയും അങ്ങിനെയൊരു കമിറ്റുമെന്റു് ഉണ്ടെന്നു് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ രേഖയിൽപ്പെട്ടിട്ടുള്ളവരെയാണു് ഓരോ പ്രാവശ്യവും പടിപടിയായി എടുത്തുകൊണ്ടിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: മാർക്കുലിസ്റ്റു യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലർ അടങ്ങുന്ന സമിതി പരിശോധിച്ചുവെന്നു പറയുകയുണ്ടായി. സെലക്ഷൻ കമ്മിറ്റിയിൽ യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയുണ്ടെന്നുള്ള നിലയിൽ യൂണിവേഴ്സിറ്റിയിൽനിന്നും മാർക്കു വരുത്തി ഗവൺമെന്റു പരിശോധിക്കുമോ?

ശ്രീ. കെ. എം. ജോർജ്: രണ്ടാം ക്ലാസ് മജിസ്ട്രേട്ടു് കോടതിയിൽ ചോദ്യം ചോദിച്ചു് ഉത്തരങ്ങളെഴുതിക്കൊണ്ടു് കമിറ്റു ചെയ്യിക്കുന്നതുപോലെ ഇവിടെ ചോദ്യം ചോദിച്ചതുകൊണ്ടു് ഒരു വിശേഷവുമില്ല.....

(ഇതിനിടയിൽ കമ്മ്യൂണിസ്റ്റു പാർട്ടിയിലുള്ള മെംബറൻമാർ മന്ത്രിപറഞ്ഞതു് പിൻവലിക്കണം, പിൻവലിക്കണം എന്നു് പറഞ്ഞു ബഹളം ഉണ്ടാക്കിക്കൊണ്ടിരുന്നു.)

ശ്രീ. ഇ. എം. ജോർജ്: സർ, ഇന്നത്തെ ചോദ്യോത്തരവേളയിൽ രണ്ടാമത്തെ പ്രാധാന്യമാണു് ഈ മന്ത്രി ധിക്കാരപരമായി മറുപടി പറഞ്ഞതു്. നേരത്തേ ബഹുമാനപ്പെട്ട ചന്ദ്രസേനൻ ഒരു ചോദ്യം ചോദിച്ചപ്പോഴും ഞാൻ അതിനുത്തരം പറഞ്ഞാൽ അൺപാർലമെന്ററിയാകുമോയെന്നു് ഭയം ഉണ്ടെന്നെല്ലാം പറയുകയുണ്ടായി. അത്തരത്തിലുള്ള ഭീഷണികളൊന്നും ഞങ്ങളോടു വേണ്ടായെന്നാണു് ഞങ്ങൾക്കു് അദ്ദേഹത്തെ ഓർമ്മപ്പെടുത്തുവാനുള്ളതു്.

Mr. Speaker: Order, order, I am glad to inform you that ten members of the Goa Legislative Assembly have come to our State and are attending our proceedings.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഒറ്റയിനു് ഇത്ര ചോദ്യമേ ചോദിക്കാവൂ എന്നുള്ളതിനു് ഒരു ചട്ടമുണ്ടാക്കിവച്ചിട്ടില്ലേ; ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ എത്ര ചോദ്യങ്ങളാണു് ചോദിച്ചിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ രണ്ടാം ക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ ക്രോസ് വിസ്താരം നടത്തുന്നതുപോലെ എന്നു പറഞ്ഞതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾക്ക് അതൃപ്തിയുണ്ട്.

ശ്രീ. കെ. എം. ജോർജ്: സർ, എന്റെ മറുപടി പൂർത്തിയാക്കിയിട്ടില്ല. സർ, ഞാൻ പറയാത്തതിനെ പറഞ്ഞ്, പറഞ്ഞു, പറഞ്ഞു, എന്നു വീണ്ടും വീണ്ടും പറയുന്നതു കേട്ടപ്പോഴാണ് ഞാൻപറഞ്ഞത് രണ്ടാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സാക്ഷികളെ വിസ്തരിക്കുന്നതുപോലെയെന്ന്. അതിനെപ്പറ്റി അഭിഭാഷകൻമാർക്കെല്ലാം അറിയാവുന്നതാണ്. അങ്ങിനെ പറയുന്നത് ശരിയല്ലെന്ന് സൂചിപ്പിച്ചതാണ്.

ഈ പറയുന്നതുപോലെ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ മാർക്ക് വരുത്തി പരിശോധിച്ചതിൽ യാതൊരു അപാകതയും നടന്നിട്ടില്ലെന്നു പറയുന്നു. ഇനിയും വരുത്തി പരിശോധിക്കണമെന്ന് പറയുന്നതിനു യാതൊരു അർത്ഥവുമില്ല.

(കമ്മ്യൂണിസ്റ്റു പാർട്ടിയിൽപ്പെട്ട മെമ്പറൻമാർ മന്ത്രി പറഞ്ഞത് പിൻവലിക്കണം, പിൻവലിക്കണം എന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ: രണ്ടാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിസ്തരിക്കുന്നതുപോലെ എന്നു പറഞ്ഞതിൽ ചില ബഹുമാനപ്പെട്ട മെമ്പർമാർക്ക് അതൃപ്തിയുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത് മന്ത്രിമാരാരും കേൾക്കണ്ടായെന്നും എം. എൽ. എ. മാർ മാത്രം കേട്ടാൽ മതിയെന്നും ആണോ?

മി. സ്പീക്കർ: ചോദ്യങ്ങളും ചോദിക്കുമ്പോഴും ഇത്തരത്തിലുള്ള മറുപടികളും പറയരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പിൻവലിക്കണമെന്ന് ഞാൻ പറഞ്ഞില്ല. This will go in to record. That is enough for the present.

ശ്രീ. കെ. ഐ. രാജൻ: സർ, മന്ത്രി ഓരോ കാര്യങ്ങളും പറഞ്ഞു വാക്കുകളും കൊണ്ട് ഞങ്ങളെ കളിയാക്കുന്നതുപോലെ ഞങ്ങൾക്കും അങ്ങോട്ടു കളിയാക്കാനറിയാം. ഞങ്ങൾക്കും വാക്കിനു യാതൊരു ദൗർലഭ്യവുമില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ 395.

കുടുംബാസൂത്രണപദ്ധതി

* 111. [395] ശ്രീ. ടി. എം. മീതിയൻ:
,, വി. ശ്രീധരൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, മുസ്തഫാ കെമാൽ:
,, ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കുടുംബാസൂത്രണപദ്ധതി നിരുൽസാഹപ്പെടുത്തുന്നതിനുള്ള ഒരു നീക്കം ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുണ്ടെന്നറിയുന്നത് ശരിയാണോ;

(ബി) ആണെങ്കിൽ ഇതിനു കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly